LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിന് നടപടി

343(4353) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിരവധി ഗ്രൂപ്പ് വില്ലേജുകൾ പ്രവർത്തിക്കുന്നത് കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത താലൂക്കിൽ നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

14 ഗ്രൂപ്പ് വില്ലേജുകളാണുള്ളത്.

(സി) പ്രസ്തുത താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത താലൂക്കിലെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ ഈ വർഷം തന്നെ തുടങ്ങാൻ കഴിയുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(സി-ഇ) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ എണ്ണം

344(4354) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡല പരിധിയിൽ നിലവിലുള്ള ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉണ്ട്. ഭൂരഹിതർ - 1156 ഭവന രഹിതർ - 163

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	നിലവിലുള്ള ഭൂരഹിതർ	നിലവിലുള്ള ഭവന രഹിതർ
നെല്ലനാട്	125	2
പുല്ലമ്പാറ	57	16
വാമനപുരം	39	3
ആനാട്	154	0
നന്ദിയോട്	136	67
പനവൂർ	110	0
പാങ്ങോട്	156	49
പെരിങ്ങമ്മല	287	21
ആകെ	1156	163

പട്ടയം ലഭിച്ച ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

345(4355) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും ബാധകമാണോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണപരമായ അനുഭവത്തിനുമാണ് പട്ടയം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഇത് ഒരു പോലെ ബാധകമാണ്.

(ബി) ഇത്തരം ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടോ; ഇത് എല്ലാ ജില്ലകൾക്കും ബാധകമാണോ?